പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 615 11.07.2012-ൽ മറുപടിയ്ക്ക്

തീവ്രവാദ ഗ്രൂപ്പുകളുമായി ബന്ധമുള്ള സംഘടനകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. ഇ.കെ. വിജയൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് തീവ്രവാദ ഗ്രൂപ്പുകളുമായി ബന്ധമുള്ള സംഘടനകൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ സംഘടനകൾ ഏതെല്ലാമാണെന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) തീവ്രവാദ ഗ്രൂപ്പുകളുമായി ബന്ധമുള്ള സംഘടനകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. എങ്കിലും അവയുടെ ആശയങ്ങൾ പിൻതുടരുന്ന ചില സംഘടനകൾ പ്രവർത്തിക്കാൻ ശ്രമിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) ഈ സംഘടനകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്ന് ഏതെങ്കിലും സൂചനകൾ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ; | (ബി) സംസ്ഥാനത്ത് ചില ഇടതുപക്ഷ തീവ്രവാദ പ്രസ്ഥാനങ്ങളുടെ പ്രവർത്തകരും മതതീവ്രവാദ സംഘടനകളുടെ പ്രവർത്തകരും സജീവമായി പ്രവർത്തിക്കാൻ ശ്രമിക്കുന്നതായുള്ള ചില സൂചനകൾ കേന്ദ്ര ഇന്റലിജൻസ് ഏജൻസികളിൽ നിന്നും ലഭിച്ചിട്ടുണ്ട്. |
| (സി) ഇത്തരം സംഘടനകൾ അവരുടെ പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുത്തിട്ടുള്ള മേഖലകൾ ഏതെല്ലാമാണെന്നും എന്തെല്ലാം പ്രവർത്തനങ്ങളാണ് ഓരോ മേഖലയിലും ഇവർ നടത്തുന്നതെന്നും വെളിപ്പെടുത്തുമോ ? | (സി) സംസ്ഥാനത്ത് തീവ്രവാദ ഗ്രൂപ്പുകളുമായി ബന്ധമുള്ള സംഘടനകൾ നേരിട്ട് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തീവ്രവാദ പ്രവർത്തനങ്ങളെ പ്രതിരോധിക്കുന്നതിനുള്ള മുൻകരുതൽ എന്ന നിലയിൽ സംസ്ഥാനത്തൊട്ടാകെയും വനമേഖലകൾ, തീരപ്രദേശങ്ങൾ എന്നിവിടങ്ങളിൽ പ്രത്യേകമായും, പോലീസും രഹസ്യാന്വേഷണ വിഭാഗവും നിരീക്ഷണം നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ